പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3654 25.06.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ :<br>" പി. എ. മാധവൻ :<br>" തേറമ്പിൽ രാമകൃഷ്ണൻ :<br>" കെ. മുരളീധരൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പാക്കുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) യും (ബി) യും (സി) യും | ഉദ്ദേശിക്കുന്നുണ്ട്.<br>സുരക്ഷിതവും, സുഖകരവുമായ റോഡ് ഗതാഗതത്തിനായി വിവര സാങ്കേതിക വിദ്യയുടെ വ്യാപനമാണ് ഇന്റലിജന്റ്സ് ട്രാൻസ്പോർട്ട് സിസ്റ്റം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ ഉൾപ്പെടുന്ന സാങ്കേതിക വിദ്യകളിൽ പലതും കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ജി.പി.എസ്. (Global Positioning System) സംവിധാനത്തിൽ കേന്ദ്രീകൃതമായി ബസ്സുകളെ നിരീക്ഷിക്കുക, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS), RFID (Radio Frequency Identification Devices) പതിച്ച ഐഡന്റിറ്റി കാർഡുകൾ / പാസുകൾ / സ്മാർട്ട് കാർഡുകൾ എന്നിവയുടെ വ്യപനമാണ് ഇൻലിജന്റ്സ് ട്രാസ്പോർട്ട് സിസ്റ്റം പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.<br>ജി.പി.എസ് സംവിധാനം വഴി കേന്ദ്രീകൃതമായി ബസ്സുകളെ നിരീക്ഷിക്കുന്നതിനും പ്രസ്തുത ബസ്സുകളുടെ വേഗത, യാത്രക്കാരുടെ എണ്ണം സീറ്റുകളുടെ ലഭ്യത എന്നിവ കൂടാതെ ജീവനക്കാർക്ക് നേരിട്ട് നിർദ്ദേശം നൽകുന്നതിനുള്ള സംവിധാനവും ഉദ്ദേശിക്കുന്നതിലൂടെ കോർപ്പറേഷൻ |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | | |
| (സി) | ഏതെല്ലാം പുതിയ സംവിധാനങ്ങളാണ് ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | സർവ്വീസ് നടത്തിപ്പിൽ കാര്യക്ഷമതയും, കൃത്യതയും വരുത്തുവാനും യാത്രക്കാർക്ക് കൂടുതൽ നല്ല സേവനം നൽകുവാനും കഴിയും.<br>കണ്ടക്ടറുടെ കൈവശമുള്ള ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുമായി ബന്ധിപ്പിച്ച് ബസ്സുകളിലെ യാത്രക്കാരുടെ എണ്ണം ലഭ്യമാക്കാനും അതിലൂടെ സീറ്റിന്റെ ലഭ്യത അറിയുവാനും കഴിയും.<br>RFID സാങ്കേതിക വിദ്യയിലൂടെ പാസ്സുകളിലും കാർഡുകളിലും ലഭ്യമായ വിവരങ്ങൾ കേന്ദ്രീകൃതമായ കംപ്യൂട്ടർ ശൃംഖലയിലേക്ക് എത്രയും വേഗം കൈമാറുവാൻ സാധിക്കുന്നതാണ്. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ജി.പി.എസ് സംവിധാനം നടപ്പിലാക്കാൻ C-DAC-നെയാണ് നോഡൽ ഏജൻസി യായി നിയമിച്ചിരിക്കുന്നത്. C-DAC-മായി ട്ടുള്ള ചർച്ചകൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ